**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3180** **13-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോട് ജില്ലയിലെ ഹയർ സെക്കണ്ടറി സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോട് ജില്ലയിൽ ഈ വർഷം എസ്. എസ്. എൽ.സി. വിജയിച്ച പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തൊൻപത് വിദ്യാർത്ഥികൾക്കായി പന്ത്രണ്ടായിരത്തി ഇരുനൂറ് പ്ലസ്ടു സീറ്റുകൾ മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി വിജയിച്ച 19,658 (പത്തൊൻപതിനായിരത്തി അറുനൂറ്റി അൻപത്തിയെട്ട്) വിദ്യാർത്ഥികൾക്കായി സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലായി ആകെ 17,795 (പതിനേഴായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി അഞ്ച്) സീറ്റുകൾ ഹയർ സെക്കന്ററിയിൽ മാത്രം ലഭ്യമാണ്. മുൻ വർഷങ്ങളിലെ കണക്കുകൾ പ്രകാരം വിജയിച്ച എല്ലാവരും ഹയർസെക്കന്ററിയിൽ മാത്രം പ്രവേശനം നേടാറില്ല. കഴിഞ്ഞ അധ്യയന വർഷം കാസർഗോഡ് ജില്ലയിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച 19,287 (പത്തൊൻപതിനായിരത്തി ഇരുനൂറ്റി എൺപത്തി ഏഴ്) വിദ്യാർത്ഥികളിൽ നിന്ന് 15,818(പതിനയ്യായിരത്തി എണ്ണൂറ്റി പതിനെട്ട്) വിദ്യാർത്ഥികൾ മാത്രമാണ് ഹയർ സെക്കന്ററിയിൽ പ്രവേശനം നേടിയിട്ടുള്ളത്. ആയതിനാൽ ജില്ലയിൽ ഹയർ സെക്കന്ററി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. |
| (ബി) | പ്രസ്തുത ജില്ലയിലെ എസ്. എസ്. എൽ. സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്കും സി. ബി. എസ്. ഇ പരീക്ഷ എഴുതി ഫലം കാത്തു നിൽക്കുന്ന വിദ്യാർത്ഥികൾക്കും അതേ ജില്ലയിൽത്തന്നെ ഹയർ സെക്കണ്ടറി പ്രവേശനം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ; | (ബി) | പ്രവേശന നടപടികൾ അവസാനിച്ച കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനാലും അധിക സീറ്റുകൾ അനുവദിച്ചിട്ടുള്ളതിനാലും 2022-23-ൽ രണ്ട് ബാച്ചുകൾ കൂടി താത്കാലികമായി അനുവദിച്ചതിനാലും ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാകുന്നതാണ്. |
| (സി) | പ്രസ്തുത ജില്ലയിൽ ഹയർ സെക്കണ്ടറിയിൽ ഒരു ക്ലാസ്സിൽ 50 വിദ്യാർത്ഥികൾ എന്ന് നിജപ്പെടുത്തി | (സി) | പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ആവശ്യമായ സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ